(ഡി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) തൽക്കാലം പരിഗണനയിലില്ല.

(സി) നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഏറ്റവും ശക്തമായ ഓഡിറ്റ് ഏജൻസി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റാണ്.

(ഡി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ വേണ്ടി കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള നവീകരണം സർക്കാരിന്റെ പരിഗണനയിലാണ്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം**

**26 (4065)** ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചെയ്തിരുന്ന ഓഡിറ്റ് ജോലികളുടെ എത്ര ശതമാനമാണ് അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ ഏൽപ്പിക്കുകയുണ്ടായത് ;

(ബി) എന്തു കാരണത്താലാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ തീരുമാനം നടപ്പിലാക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സർവ്വീസ് സംഘടനകൾ നിവേദനം നൽകുകയുണ്ടായോ ;

(ഡി) അതിനെ തുടർന്ന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 10% ഓഡിറ്റും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റു ചെയ്ത 10% സ്ഥാപനങ്ങളുടെ സപ്ലിമെന്ററി ഓഡിറ്റും ആണ് അക്കൗണ്ടന്റ് ജനറലിനെ ഏൽപ്പിച്ചിരിക്കുന്നത്.

(ബി) 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് 1971-ലെ സി. ആന്റ് എ. ജി. (ഡി.പി. സി) ആക്ട് സെക്ഷൻ 20 (1) പ്രകാരമാണ് ഇങ്ങനെ തീരുമാനമെടുത്തത്.

(സി) നിവേദനം കിട്ടിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly